# Index


Vicar's Message........................................................... 2

Announcements............................................................ 5

Curriculum Vitae ......................................................... 6

Bible Crossword .......................................................... 9

Bible Quiz .................................................................. 11

Events Photos.............................................................. 13






*We pray to the Almighty God for the safe return of Greek Orthodox Archbishop Metropolitan Paul Yazigi and the Archbishop of Syriac Orthodox Diocese of Aleppo, Mor Gregorios Ibrahim.*

# *Vicar's Message*



"വിശുദ്ധ മന്ദിരത്തിൽ നിന്നും മലിനത നീക്കികളയുവിൻ"

നോഹയുടെ പെട്ടകവുമായി ബന്ധപ്പെട്ട് രസകരമായ ഒരു അനുബന്ധം കാണുക1പ്രളയത്തെ അതിജീവിക്കുവാൻ ദൈവം നൽകിയ കല്പനയും അളവും അനുസരിച്ച് നോഹ പെട്ടകം നിർമ്മിച്ചു. ഭൂതലത്തിലുള്ള സകല ജീവജാലങ്ങളേയും ജോഡികളായി ഉള്ളിൽ പ്രവേശിപ്പിച്ചിട്ട് നോഹയും കുടുംബവും പ്രളയത്തിനുവേണ്ടി കാത്തിരിക്കുകയാണ. മഴയ്ക്കുവേണ്ടി കാത്തിരുന്നു ക്ഷമ നശിച്ച നോഹയുടെ മക്കൾ, പിതാവറിയാതെ പെട്ടകത്തിനു മുമ്പിലൊരു ബോർഡ് വച്ചു. "ജന്തുജാല പ്രദർശനം". കുടിച്ചും സുഖഭോഗങ്ങളിൽ മുഴുകിയും വരുവാനിരിക്കുന്ന കൊടിയ വിപത്തിനെ കുറിച്ച് ഒരു ചിന്തയുമില്ലാതിരുന്ന ദേശവാസികൾ ടിക്കറ്റു വാങ്ങി ജന്തുക്കളെ കാണാൻ പേടകത്തിനു മുമ്പിൽ ക്യൂ നിന്നു. സന്ധ്യ ആയപ്പോഴേയ്ക്കും നോഹയുടെ മക്കളുടെ മടിശ്ശീലകൾ നാണയങ്ങളാൽ നിറഞ്ഞു.രക്ഷയുടെ ദൗത്യം വിസ്മരിച്ചു രക്ഷയുടെ യാനപാത്രത്തിനു മറവിൽ കച്ചവടം. 'മുങ്ങിമരിക്കാൻ പോകുന്നവരെക്കൊണ്ട് പോലും ലാഭം ഉണ്ടാക്കുന്ന അപകടകരമായ പ്രവണത'.

മാറാട് എന്ന കടൽതീര ഗ്രാമത്തിലെ ഒരു ആരാധനാലയം,കൂട്ടകൊലക്കുള്ള ആയുധപ്പുരയും കൊലപാതകികളുടെ ഗുഹയുമായി മാറിയതും നാം ഞെട്ടലോടെ കണ്ടതാണ. ദൈവസന്നിധ്യമുണ്ടെന്നു വിശ്വസിച്ചിരുന്നഒറീസ്സയിലെ കാണ്ഡമാലിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചു തന്നെയായിരുന്നു സഹജീവികളെ അരുംകൊല ചെയ്യുന്നതിന്നായി കരുക്കൾ നീക്കിയതും, ഗൂഢാലോചന നടന്നതും.

ആലയങ്ങൾ എന്തിനുവേണ്ടിയാണെന്ന സംശയത്തിനുപോലും ഇട തരാതവണ്ണം ദൈവാലയമെന്ന പദം തന്നെ ആ അർത്ഥത്തെ ഉറക്കെ പ്രഘോഷിക്കുന്നുണ്ട്. ദൈവത്തിന്റെ ആലയം,സകലർക്കും പ്രാർത്ഥനയുടെ ഇടം! എന്നാൽ ആലയങ്ങളൊക്കെ അശുദ്ധമായികൊണ്ടിരിക്കുന്ന കാഴ്ച ചരിത്രത്തിലുടനീളം കാണുവാനായിട്ട് സാധിക്കും. പഴയ നിയമകാലത്തെയും സ്ഥിതി വിഭിന്നമായിരുന്നില്ല. ആലയത്തിന്റെ തകർച്ചയും മലിനതയും കണ്ട യെഹിസ്കിയാവ്,തന്റെ വാഴ്ച്ചയുടെ ഒന്നാം ആണ്ടിൽ ഒന്നാം മാസത്തിൽ യഹോവയുടെ ആലയ വാതിൽ തുറന്ന് അറ്റകുറ്റം തീർത്തിട്ട് ലേവ്യരോട് കല്പിച്ചത് "ഇപ്പോൾ നിങ്ങൾ നിങ്ങളെ തന്നെ ശുദ്ധീകരിച്ച്, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയുടെ ആലയത്തെയും ശുദ്ധീകരിച്ച് വിശുദ്ധ മന്ദിരത്തിൽനിന്നും മലിനത നീക്കികളയുവീൻ" എന്നത്രേ(2ദിനവൃ.29:5) ദൈവത്തിന്റെ സ്വന്തം ജനം എന്ന് അവകാശപ്പെട്ടിരുന്ന യഹൂദർ, ദൈവാലയത്തെ ചുറ്റിപറ്റി ജീവിക്കുന്നവരാണ്. അവരുടെ അഭിമാനത്തിന്റെ പ്രതീകമായിരുന്നു യെരുശലേം ദൈവാലയം. അവിടെ ദൈവത്തെ അനുഭവിക്കുവാൻ കഴിയുമെന്നവർ വിശ്വസിച്ചിരുന്നു. ആലയത്തിൽ, വി.സ്ഥലത്തിന് ഏറ്റവും അടുത്തായിരുന്നു പുരോഹിതരുടെ സ്ഥാനം. തൊട്ടുപിന്നിൽ പുരുഷന്മാരും, അവരുടെ പിന്നിൽ സ്ത്രീകളും. ഏറ്റവും ഒടുവിൽ വിജാതിയരും. യഹൂദരുടെ പരമപ്രധാനമായ ആരാധനസ്ഥലമായ യരുശലേം ദൈവാലയത്തിലേക്ക് കടന്നുചെന്ന യേശു,വിജാതിയർക്ക് ആരാധാനയ്ക്കായി വേർതിരിച്ചിരുന്ന സ്ഥലത്ത്, ആരാധാനയ്ക്ക് തടസ്സമുണ്ടാക്കികൊണ്ട് കച്ചവടം

പൊടിപൊടിയ്ക്കുന്ന കാഴ്ച കണ്ട് വല്ലാതെ അസ്വസ്ഥനാവുകയും കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടുകൂടെ നാണയമാറ്റക്കാരെയും ആട്ടിപുറത്താക്കുകയും ചെയ്യുന്നത് വി.യോഹന്നാൻ 2:14-16 ൽ നാം വായിക്കുന്നു. തൻെറ പിതാവിനോടും പിതാവിൻെറ ആലയത്തോടും യേശുവിന് അത്രമേൽ സ്നേഹമായിരുന്നു. 12-ാം വയസ്സിൽ നീതിമാനായ യൗസേഫിൻേറയും പരി. അമ്മയുടേയും കണ്ണു വെട്ടിച്ച് യേശു തങ്ങിയത് പിതാവിൻെറ ആലയത്തിലായിരുന്നു. പിതാവിനെ പിരിഞ്ഞിരിക്കുന്നത് യേശുവിന് ഒരിക്കലും ഇഷ്ടമായിരുന്നില്ല. പരസ്യശുശ്രൂഷയുടെ തെരക്കിനിടയിലും വീണു കിട്ടുന്ന നിമിഷങ്ങളിലൊക്കെ പിതാവിനോട് സംസാരിക്കുമായിരുന്നു. ഭക്ഷണംപോലും, യേശുവിന് തൻെറ പിതാവിൻെറ ഹിതം നിറവേറ്റലായിരുന്നു. ഇത്രമാത്രം പിതാവിനേയും പിതൃആലയത്തേയും സ്നേഹിക്കുന്ന മകൻ, തൻെറ പിതാവിൻെറ ആലയം അശുദ്ധമാക്കുന്നതു കാണുമ്പോൾ അസ്വസ്ഥനാകാതിരിക്കുന്നതെങ്ങിനെയാണ്?

ചാട്ടവാറുമായി യേശു നില്കുന്ന സ്ഥലവും, ക്രയവിക്രയം ചെയ്യുന്ന സ്ഥലവും ദൈവാലയം തന്നെയാണ്. എന്നാൽ കർത്താവിന് അത് പ്രാർത്ഥനാലയം ആയിരിക്കുമ്പോൾ കച്ചവടക്കാർക്ക് അത് ലാഭം ഉണ്ടാക്കുവാനുള്ള സ്ഥലം മാത്രം. ഇരിക്കുന്ന സ്ഥലത്തെ കുറിച്ച് വ്യക്തമായ അവബോധമാണ് ആ സ്ഥലത്തിൻെറ പവിത്രത പരിപാലിക്കുവാൻ സഹായിക്കുന്നത് എങ്കിൽ ദൈവീകമായ അവബോധം ഇല്ലായ്മയും ബോദ്ധ്യങ്ങളില്ലായ്മയുമാണ് ആലയത്തെ അശുദ്ധമാക്കുന്നതും ആരാധനയെ അരോചകമാക്കുന്നതും പ്രാർത്ഥനയെ വിരസമാക്കുന്നതും. കച്ചവടവും കമ്പോളവുമൊക്കെ ഒരു സമീപനവും പ്രതീകവുമല്ലേ? പള്ളിയിൽ പോയാൽ എന്തുകിട്ടും എന്നു ചിന്തിക്കുന്നവരൊക്കെ കച്ചവട മനോഭാവമല്ലെ പുലർത്തുന്നത്. ആവശ്യങ്ങൾക്കുവേണ്ടിയും സാമ്പത്തീക നേട്ടത്തിനും, ശാരീരിക സൗഖ്യത്തിനും, രോഗശമനത്തിനും, ലൗകീക സുരക്ഷയ്ക്കു വേണ്ടിയും മാത്രം ദൈവാലയത്തിലേക്കും ധ്യാനകേന്ദ്രങ്ങളിലേക്കും വരുന്ന ഭക്തരുടെ എണ്ണം വർദ്ധിക്കുകയും, കർത്താവിനെ കാണാനും സ്വന്തമാക്കുവാനും അവനോടൊപ്പം അല്പസമയം ചെലവഴിക്കാനും കർത്താവിനെ സ്വന്തമാക്കുവാനും കർത്താവിൻെറ സ്വന്തമാകുവാനുമായി പള്ളിയിൽ വരുന്നവരുടെ സംഖ്യ കുറയുകയും ചെയ്യുന്നുണ്ടോ?

പള്ളിയിൽ എന്നും ആരാധനയുണ്ട്, കൂദാശകൾ യഥാവിധി പരികർമ്മം ചെയ്യപ്പെടുന്നുണ്ട്, പെരുന്നാളുകളും കൺവെൻഷനുകളുമുണ്ട്. എന്നിട്ടും എന്തിൻേറയോ കുറവുകൾ തോന്നു ന്നുവോ? ആത്മാവിൻെറ ഫലമായ സ്നഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം,വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ പരിരക്ഷിക്കപ്പെടാതെയും, പകർന്നു നല്കാതെയും, പരിചയപ്പെടുത്താതെയും പോകുന്നുണ്ടോ നമ്മുടെ ദേവാലയങ്ങളിൽ? ദൈവാലയത്തെ തൻെറ നെഞ്ചോടു ചേർത്തു പിടിച്ചപ്പോഴും ആലയത്തിലെ ചിലകാര്യങ്ങളെ ക്രിസ്തു നിശിതമായി വിമർശിച്ചി രുന്നു. എൻെറയും നിൻേറയും സാന്നിധ്യം ദൈവാലയത്തെ അശുദ്ധമാക്കാതിരിക്കട്ടെ. നമ്മുടെ ഇടപെടലുകൾ ദൈവാലയത്തിലെന്നതുപോലെയാകട്ടെ. ദൈവാലയം ഏറ്റവും പവിത്രമായ, വിശുദ്ധമായ ഇടമായി കാത്തുകൊള്ളപ്പെടേണ്ടതിൻെറ ആവശ്യകതയിലേയ്ക്കാണ് ദൈവാലയ ശുദ്ധീകരണങ്ങൾ വിരൽ ചൂണ്ടുന്നത്.അത് വിശുദ്ധിയുടെ ഇരിപ്പിടം ആയിരിക്കണം. ദൈവാലയത്തിൽ എന്നല്ല, അതിൻെറ പരിസരങ്ങളിൽപോലും അശുദ്ധി കടന്നു വരുവാൻ പാടില്ല.

ദൈവാലയത്തിന് നാനാർത്ഥങ്ങൾ ഉണ്ട്.

ദൈവം വസിക്കുന്ന ഇടങ്ങളെല്ലാം ദൈവാലയങ്ങളാണ്, ക്രിസ്ത്യാനിയുടെ ശരീരവും ജീവിതവും കുടുംബവുമെല്ലാം. വിശ്വാസിയുടെ ശരീരത്തെ ദൈവത്തിൻെറ ആലയമായി കാണുവാൻ തിരുവചനം നമ്മെ പഠിപ്പിക്കുന്നു."നിങ്ങൾ ദൈവത്തിൻെറ മന്ദിരം എന്നും ദൈവത്തിൻെറ ആത്മാവ് നങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ"(1കൊരിന്ത്യർ 3:16). യെരുശലേം ദൈവാലയത്തിലെ ക്രയവിക്രയങ്ങൾ കണ്ട് രോഷാകുലനായ കർത്താവ് ദൈവാലയങ്ങളായിരിക്കേണ്ട നമ്മുടെ ജീവിതങ്ങളിലേക്ക് നോക്കുമ്പോൾ എന്തായിരിക്കും കാണുക? എല്ലാവിധ തിന്മകളും, അശുദ്ധിയും, അഹങ്കാ രവും, അസൂയയും, അലസതയും, അരിശവും, കാമവും, ക്രോധവും, മോഹവും, കൊതിയും, ദ്രവ്യാഗ്രവുമൊക്കെ കാണുവാനിടയാകുമോ? അതോ പരിശുദ്ധാത്മാവിൻെറ ഫലമായിരിക്കുമോ നമ്മിൽ ദർശിക്കുക? യെരുശലേം ദൈവാലയത്തിലേക്ക് എഴുന്നള്ളിവന്ന് അശുദ്ധി നീക്കി ശുദ്ധീകരിച്ച കർത്താവിനെ നമുക്ക് നമ്മുടെ ജീവിതത്തിലേക്കും ക്ഷണിക്കാം. നമ്മിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അവ നീക്കി വിശുദ്ധിയാൽ നിറയ്ക്കണേ എന്നു പ്രാർത്ഥിക്കാം.

കോടികൾ മുടക്കി ദൈവാലയങ്ങൾ നിർമ്മിക്കുമ്പോഴും ശരീരമാകുന്ന ദൈവാലയത്തെ കുറിച്ച് പലരും ഓർക്കാറേയില്ല. പള്ളികളുടേയും ആരാധകരുടേയും എണ്ണം വർദ്ധിക്കുമ്പോഴും ആരാധകരുടെ ജീവിതം കുറെകൂടി മെച്ച മാകുന്നില്ലെങ്കിൽ അതിനു കാരണം, ശരീരമാകുന്നദൈവാലയത്തെകുറിച്ചുള്ള അവബോധം ഇല്ലായ്മയാണ്. ദൈവാലയ ങ്ങളായിരിക്കേണ്ട ശരീരങ്ങളെ നശിപ്പി ക്കുന്നവരുടെ എണ്ണം ഇന്ന് കൂടികൂടി വരുന്നു. ആത്മഹത്യയിലൂടെയും ഭ്രൂണഹത്യ യിലൂടെയും പീഢനങ്ങളിലൂടെയും മദ്യ,മയക്കു മരുന്നുകളുടെ ഉപയോഗങ്ങളിലൂടെയും ഒക്കെ അനേക ദൈവാലയങ്ങൾ ർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവയെല്ലാം തിന്മയുടെ വ്യാപാരങ്ങളാണെന്നും ദൈവം നിർമ്മിച്ച ആലയങ്ങളെ നശിപ്പിക്കുവാൻ നമുക്ക് അധികാരമോ അവകാശമോ ഇല്ലെന്നും നാം തിരിച്ചറിയണം."നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി,നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ"(റോമർ 12:1) എന്ന് വി.പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. ശരീരങ്ങൾ ദൈവത്തിന് പ്രീതീകരമായ സജീവബലിയായി അർപ്പിക്കുവാനുള്ള താണ്.ദൈവാലയത്തിലാണല്ലോ യാഗങ്ങൾ അർപ്പിക്കപ്പെടുക. സ്വശരീരത്തെ ഏറ്റവും നല്ല ദൈവാലയമാക്കുമ്പോഴാണ് ജീവിതം ധന്യമാകുക.

സ്വശരീരത്തെ ദൈവാലയമായി കാണുന്നതുപോലെതന്നെ, അപരൻെറ ശരീരത്തേയും ദൈവാലയമായി കരുതുവാൻ പഠിക്കേണ്ടിയിരിക്കുന്നു. അപരൻെറ വിശുദ്ധിയുടെ സംരക്ഷകരാകണം നാം, അന്തകരാകരുത്. കൂട്ടുകാരുടെ, സഹോദരങ്ങളുടെ ശരീരങ്ങളാകുന്ന ദൈവാലയങ്ങളുടെ കാവല്കാരാകുവാൻ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. "ദൈവത്തിൻെറ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും."(1കൊരിന്ത്യർ3:17) എന്ന തിരുവചനം, കുറെകൂടി ഭക്തിയോടെ ദൈവാലയങ്ങളേയും നമ്മുടേയും മറ്റുള്ള വരുടേയും ശരീരങ്ങളേയും, സംരക്ഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കട്ടെ!

സ്നേഹപൂർവ്വം,
ക്രിസ്തുയേശുവിൽ,
നിങ്ങളുടെ ബെന്നിയച്ചൻ.

## Pray for Us



Thomas N.C. & Family

## Happy Birthday



**Emmanuel Varghese**

1st Birthday on 15-10-2013

# *Announcements*

| | | |
|---|---|---|
| October 25 വെള്ളി | – | Church Picnic |
| November 1 വെള്ളി | – | പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ |

## New Born


Baby Boy to Shibin Raju and Cincia.

Baby Boy to Romy Cherian & Sherin.

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീ. മോൻസൺ ജോർജിൻെറ പിതാവും, ശ്രീ. സിബു ജോണിന്റെ ഭാര്യാമാതാവും കർത്താവിൽ നിദ്ര പ്രാപിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## Curriculum Vitaé



| | |
|---|---|
| Name: | JESUS CHRIST |
| Address: | Ephesians 1:20 |
| Phone: | Romans 10:13 |
| Website: | Bible |
| Keywords: | Christ, Lord, Savior and Jesus |

My name is **Jesus - The Christ**. Many call me Lord! I've sent you my CV because I'm seeking the top management position in your heart. Feel free to read my details below.

| | |
|---|---|
| **Qualifications** | I founded the earth and established the heavens, (See Proverbs 3:19)<br>I formed man from the dust of the ground, (See Genesis 2:7)<br>I breathed into man the breath of life, (See Genesis 2:7)<br>I redeemed man from the curse of the law, (See Galatians 3:13)<br>The blessings of the Abrahamic Covenant comes upon your life through me, (See Galatians 3:14) |
| **Occupational Background** | I've only had one employer, (See Luke 2:49).<br>I've never been tardy, absent, disobedient, slothful or disrespectful.<br>My employer has nothing but rave reviews for me, (See Matthew 3:15-17) |
| **Skills and Work Experiences** | Some of my skills and work experiences include: empowering the poor to be poor no more, healing the brokenhearted, setting the captives free, healing the sick, restoring sight to the blind and setting at liberty them that are bruised, (See Luke 4:18).<br>I am a Wonderful Counselor, (See Isaiah 9:6). People who listen to me shall dwell safely and shall not fear evil, (See Proverbs 1:33). Most importantly, I have the authority, ability and power to cleanse you of your sins, (See I John 1:7-9) |
| **Educational Background** | I encompass the entire breadth and length of knowledge, wisdom and understanding, (See Proverbs 2:6). In me are hidden all of the treasures of wisdom and knowledge, (See Colossians 2:3).My Word is so powerful; it has been described as being a lamp unto your feet and a lamp unto your path, (See Psalms 119:105).<br>I can even tell you all of the secrets of your heart, (See Psalms 44:21). |
| **Major Accomplishments** | I was an active participant in the greatest Summit Meeting of all times, (See Genesis 1:26). I laid down my life so that you may live, (See II Corinthians 5:15).<br>I defeated the archenemy of God and mankind and made a show of them openly, (See Colossians 2:15). I've miraculously fed the poor, healed the sick and raised the dead! There are many more major accomplishments, too many to mention here. You can read them on my website, which is located at: www dot - the BIBLE. You don't need an Internet connection or computer to access it. |
| **References** | Believers and followers worldwide will testify to my divine healings, salvation, deliverance, miracles, restoration and supernatural guidance. |
| **Summary** | Now that you've read My CV, I'm confident that I'm the only candidate uniquely qualified to fill this vital position in your heart.<br><br>In summation, I will properly direct your paths, (See Proverbs 3:5-6), and lead you into everlasting life, (See John 6:47).<br><br>When can I start? Time is of the essence, (See Hebrews 3:15). |

**Share this CV with everyone you know, you never know who may have an opening!**

Thanks for your help and may God bless you!

# ഇത്രത്തോളം യഹോവ സഹായിച്ചു
# ഇത്രത്തോളം ദൈവം നടത്തി..........
# ഇനിയും ദൈവം കരുതികൊള്ളും.......

എത്ര മനോഹരമാണ് ഈ ദേവാലയം!! ദൈവം തൻെറ സാന്നിദ്ധ്യം അറിയിക്കാൻ ആഗ്രഹിക്കുമ്പോഴാണല്ലോ അത്ഭുതങ്ങൾ ഉണ്ടാകുന്നത്, അങ്ങനെയൊരത്ഭുതത്തിന് സാക്ഷ്യം വഹിച്ച ഈ പരിശുദ്ധമായ ദേവാലയത്തിൽനിന്നും വിടപറയേണ്ടിവന്നപ്പോഴാണ് തിരിച്ചറിയുന്നത് ജീവനും ജീവിതവും എത്രത്തോളം ഇവിടെ പറ്റിച്ചേർന്നിരിക്കുന്നുവെന്ന്! അടിച്ചേൽപ്പിക്കപ്പെട്ടതായിരുന്നുവെങ്കിലും ഈ പ്രവാസം നല്കിയത് അനുഗ്രഹങ്ങൾ മാത്രമായിരുന്നു.ദൈവീകമായ പദ്ധതികളിലൂടെയുള്ള ഒരുയാത്ര;തിരിച്ചറിവു ലഭിച്ച ഒരു കാലഘട്ടം,അനുഭവങ്ങൾ പഠിപ്പിച്ച ജീവിതം........ഇപ്പോൾ ഒരു തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു. ഓരോ പ്രവാസിയും ആശയോടെ, അതിലേറെ ആശങ്കയോടെ കാത്തിരിക്കുന്ന മടക്കയാത്ര.....

ഒരുപാട് പ്രതീക്ഷകളും ആകുലതകളും പേറി ഈ സ്വപ്നഭൂമിയിൽ വന്നിറങ്ങിയ നാൾ മുതൽ ഇന്നുവരെയുള്ള അനുഭവങ്ങൾ......ജീവിതയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ പകച്ചു നിന്നപ്പോൾ ആശ്വസിപ്പിച്ചവർ, കൂടെ നിന്ന് ശക്തിപ്പെടുത്തിയവർ; ഞങ്ങളുടെ പ്രാർത്ഥനയിൽ എപ്പോഴും നിങ്ങളുണ്ടെന്ന് ഓമ്മിപ്പിച്ചവർ; ഞങ്ങളറിയാതെ ഞങ്ങൾക്കുണ്ടേി നേർച്ചകാഴ്ചകൾ അർപ്പിച്ചവർ......അങ്ങനെയങ്ങനെ. മറക്കാനാവാത്ത ഒരുപാട് മുഖങ്ങൾ, കണ്ടുമുട്ടിയ ജീവിതങ്ങൾ, തിരിച്ചറിഞ്ഞ ബന്ധങ്ങൾ, എല്ലാവരോടുമുള്ള കടമകളും കടപ്പാടുകളും നന്ദി എന്ന രണ്ടക്ഷരത്തിൽ എങ്ങനെ ഒതുക്കിതീർക്കാനാണ് ഞങ്ങൾ. പകരം നല്കാൻ ദൈവതിരുമുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകളിലെ കണ്ണനീർത്തുള്ളി കൾ മാത്രം.

പ്രവാസമാണെങ്കിലും ഈ സൗഭാഗ്യങ്ങളെല്ലാം എന്തിനപേക്ഷിക്കുന്നു, തിരിച്ചു പോയാൽ നാട്ടിൽ എന്തുചെയ്യാനാണ് എന്നുള്ള സംശയങ്ങളാണ് എല്ലാമുഖങ്ങളിലും. മറുപടി ഒന്നുമാത്രം "മൊറിയോ റഹ്മേ"-ദൈവം കരുതി കൊള്ളും. കഴിഞ്ഞുപോയ വർഷങ്ങളിലെ വെള്ളിയാഴ്ചകളും പെരുന്നാളുകളും കൂട്ടായ്മകളും ജീവിതത്തിലേക്കു ചൊരിഞ്ഞ ഹൃദയസ്പർശിയായ അനുഭവങ്ങൾ മായാത്ത ഓർമ്മകളായി ഞങ്ങളിൽ നിറഞ്ഞു നില്ക്കുന്നു...... ശരീരംകൊണ്ട് അകലെയാണെങ്കിലും മനസ്സുകൊണ്ട് എന്നും ചേർന്നു നില്കാൻ ആഗ്രഹിച്ചുകൊണ്ട്.....

ഒരുപാട് അടുത്തു പരിചയമുള്ളവർ, ഒരു പുഞ്ചിരികൊണ്ടോ ഏതാനും വാക്കുകൾ കൊണ്ടോ മാത്രം പരിചയമുള്ളവർ, മുഖപരിചയമുണ്ടെങ്കിലും ഒരിക്കലും സംസാരിച്ചി ട്ടില്ലാത്തവർ...... എല്ലാവരോടും ഈ വരികളിലൂടെ യാത്ര ചോദിക്കുന്നു.

അറിഞ്ഞോ അറിയാതെയോ വന്നുപോയ അവഗണനകൾക്കും, വാക്കുകൊണ്ടോ, പ്രവർത്തികൊണ്ടോ, ചിന്തകൊണ്ടോ, നോട്ടംകൊണ്ടോ ഏല്പിച്ച മുറിവുകൾക്കും മാപ്പ്...... അർഹതയൊന്നുമില്ലെങ്കിലും നല്കിയ അംഗീകാരങ്ങൾക്കും, സഹായങ്ങൾക്കും, നല്ല വാക്കുകൾക്കും ഒരായിരം നന്ദി. എല്ലാവരേയും എന്നും ഒർക്കുമെന്നു പറയുന്നില്ല. ചിലമുഖങ്ങളെങ്കിലും മനസ്സിൽ മായാതെ നില്ക്കും. ഈ ദേവാലയവും, ഈ നാടും, ഇവിടത്തെ ജനങ്ങളും ഞങ്ങളുടെ ഹൃദയങ്ങളിലും മറക്കാനാവാത്ത ഒരദ്ധ്യായമായി എന്നും അവശേഷിക്കും. സകലത്തേയും വിസ്മൃതിയിലേക്കു നയിക്കുന്ന കാലചക്രം ഈ ഓർമ്മകളും ഞങ്ങളിൽ നിന്നും മായിച്ചുകളയുമോ......അറിയില്ല.........

പ്രാർത്ഥനയോടെ
ബെന്നി & ലീനാ ബെന്നി


---

# *Happy Birthday*



**Abhinav Biju Thelappilly**
6th Birthday on 31-10-2013

# Are You Bible Literate?
# Bible Crossword #8 October 2013



Leela Alexander

**ACROSS**

**3** Who removed the horse idols that the kings of Judah had dedicated to the worship of the sun?
**6** Which future king was looking for lost donkeys when he ran into Samuel?
**7** Which king had horses imported from Egypt?
**10** Which prophet saw four chariots pulled by horses that represented four winds?
**12** To whom did the shunamite woman go with the donkey and the servant to inform about her son's death?
**14** Which future wife of David rode out to meet him on a donkey when she was pleading for her husband's life?
**15** Which prophet of Moab had a talking donkey?

**DOWN**


**1** Who took his wife and sons and set them on a donkey when he returned to Egypt , his boyhood home?
**2** Which prophet had a vision of locusts that ran like warhorses?
**4** Which leader was told by God to cripple his enemies' horses?
**5** Who had horsemen accompany him as he went to bury his father?
**8** Which queen had her blood splattered on King Jehu's horses?
**9** Which prince was riding a mule when he got his head caught in an oak tree?
**11** Who used a donkey to carry the wood he was using to sacrifice his son on.?
**13** Who gave his irate brother 20 donkeys as a goodwill gesture?

This is the eighth in the series of Bible crossword puzzles for 2013. All the clues are about horses and donkeys in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is
**ocalex@batelco.com.bh** **ocalexleela@gmail.com**

**Useful References: Joshua 11, 2Kings 9, 2Kings 23, Joel 2, 1Kings 10, Zechariah 6, Genesis 50, Numbers 22, 1Samuel 9, Genesis 32, 2Samuel18, Exodus 4, 1Samuel 25, Genesis 22, 2Kings 4**

# Solution to June 2013 Bible Crossword




## *Winners of Bible Crossword September 2013*

1. Acsah Elizabeth Abraham
2. Aibel Rejan V.
3. Akhil Basil Paulose
4. Aneena Mary Abraham
5. Ann Jeepa Shaj
6. Ashley Shaju
7. Athira Susan Sabu
8. Chithira Sabu
9. Christin Paul
10. Christy Mary
11. Dan Abraham
12. Elaine Agith
13. Flemy P. Eby
14. Jeeba C. Biju
15. Jibu Joseph Biju
16. Johann Agith
17. Kamal Baby Paul
18. Liya Sara Joseph
19. Mahal Mani Ulahannan
20. Merlin Mary
21. Milan Mani Mathew
22. Roshan Thomas Roy
23. Sebine Scaria
24. Serene Scaria
25. Sharon Paul Alucka
26. Sneha Elsa Kuruvilla
27. Sofia C. Paul



*Congratulations......*

Leela Alexander

## ക്വിസ്സ് നമ്പർ 7
## പുറപ്പാട് 28 – 40

1. യിസ്രായേൽ മക്കൾ കാളകുട്ടിയെ ഉണ്ടാക്കിയപ്പോൾ മോശ കോപിച്ച് സാക്ഷ്യപലകകൾ എന്തു ചെയ്തു?

2. മോശക്കു സമാഗമന കൂടാരത്തിനകത്തു കടപ്പാൻ കഴിയാഞ്ഞതെന്തുകൊണ്ട്?

3. ന്യായവിധിപ്പതക്കത്തിനകത്തു വെക്കേണ്ടതെന്ത്?

4. ശബ്ബത്ത് ദിവസം വേല ചെയ്യുന്നവർക്ക് യഹോവ നൽകുന്ന ശിക്ഷ എന്ത്?

5. യഹോവയ്ക്കു പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതിന്നു യിസ്രായേൽ മക്കളുടെ ഇടയിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാം?

6. മോശെ കൂടാരത്തിൽ കടന്നപ്പോൾ കൂടാരവാതില്ക്കൽ നിന്നതെന്ത്?

7. മോശെ മുഖാന്തിരം യഹോവ കല്പിച്ച സകലപ്രവർത്തിക്കുമായി യിസ്രായേൽ മക്കളിൽ ഔദാര്യമുള്ള സകല പുരുഷന്മാരും സ്ത്രീകളും യഹോവയ്ക്കു എന്ത് കൊണ്ടുവന്നു?

8. അഭിഷേക തൈലം നിർമ്മിക്കാനുപയോഗിച്ച എണ്ണ എന്ത്?

9. ആട്ടുകൊറ്റന്റെ മാംസവും കൊട്ടയിലുള്ള അപ്പവും അഹരോനും പുത്രന്മാരും എവിടെ വെച്ചാണ് കഴിക്കേണ്ടത്?

10. ഏത് സ്ഥലം മുതലാണ് യിസ്രായേൽ മക്കൾ ആഭരണം ധരിക്കാത്തത്?

11. കർത്താവേ, നിനക്ക് എന്നോട് കൃപയുണ്ടെങ്കിൽ ഞങ്ങളുടെ മദ്ധ്യേ നടക്കേണമെ എന്നു പറഞ്ഞതാര്?

12. മോശെ തിരിഞ്ഞു പർവ്വതത്തിൽ നിന്നു ഇറങ്ങിയപ്പോൾ അവന്റെ കൈയ്യിൽ ഉണ്ടായിരുന്നതെന്ത്?

13. ഒരു ശേക്കൽ എന്നത് എത്ര ഗേരാ ആണ്?

14. ഇരുപതു വയസ്സു മുതൽ മേലോട്ടു പ്രായമുള്ളവരായി ചാർത്തപ്പെട്ടവരുടെ എണ്ണം എത്ര?

15. അഹരോന്റെ വിശുദ്ധ വസ്ത്രം ധരിച്ച് അവന്റെ പുത്രന്മാർ പ്രാപിക്കേണ്ടതെന്ത്?

## ക്വിസ്സ് നമ്പർ 6 പുറപ്പാട് 15 – 27 ഉത്തരം

1. വഴിപാട് 25:1
2. കതകിന്റേയും കട്ടിളകാലിന്റേയും അടുക്കൽ നിർത്തിയിട്ട് സൂചികൊണ്ട് അവന്റെ കാത് കുത്തി തുളയ്ക്കണം. 21:6
3. ഏലീം 15:27
4. മിദ്യാൻ 18:1
5. തിരശ്ശീല 26:33
6. നായ്ക്കൾക്ക് ഇട്ടു കൊടുക്കേണം 22:31
7. സീൻ മരുഭൂമി 16:1
8. മൂന്നാമത്തെയും, നാലാമത്തെയും തലമുറവരെ 20:5
9. ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണ 27:20
10. 1. പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം
    2. കോയ്ത്തു പെരുന്നാൾ
    3. കായ്കനി പെരുന്നാൾ 23:14,15,16
11. മോശെ യോശുവയോട് 17:9
12. അവന്റെ പാദങ്ങൾക്കു കീഴെ നീലക്കല്ലു പടുത്ത തളം പോലെയും ആകാശത്തിന്റെ സ്വച്ഛത പോലെയും ആയിരുന്നു. 24:9,10
13. തീയിൽ 19:18
14. കടന്നലിനെ 23:28
15. 1. അതു കൊത്തമ്പാലരിപോലെയും
    2. വെള്ളനിറമുള്ളതും
    3. തേൻ കൂട്ടിയ ദോശയോടൊത്ത രുചിയുള്ളതും

## *Winners of Quiz No. 5*

Aleyamma Thomas
Bisy Eby
Christy Mariam Reji
Elaine Agith
Elsy Abraham
GIley Biju
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Paulose

Mercy Abraham
Sezil Baby
Shaiby Baby
Sheeba Roy
Shelby Jacob
Shiny Binu
Zibi Benny



*Congrats................*

Usha Achenkunju

# Events



Memento presentation to Fr. Jiby Mathew Vazhoor



Medical Camp of Youth Association













## Nercha preparation for St. Eldho Mor Baselious Bava perunnal






## Symphony Fiesta 2013 Ticket & Souvenir Advt. launch







## Adults Competition 2013












**Fairwell Memento presentation to Mr. K.M. Varghese & family and Benny T. A. & family**



